"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- കോഴിക്കോട് ബീച്ചിലെ കാർ പാർക്കിംഗ് ഏരിയ സംരക്ഷിക്കുന്നതിന് തൂണുകൾ നിർമ്മിക്കുന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.429/2026/F&P തീയതി, തിരുവനന്തപുരം, 01-08-2026

---

പരാമർശം:- 1. സ.ഉ(സാധാ) 890/2024/മതുവ തീയതി 17/12/2024തീയതി

2. കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10/5/2026 ലെ HOKMB-TVM/139/2024-D2(Tech) നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ബീച്ചിൽ കാർ പാർക്കിംഗ് ഏരിയ സംരക്ഷിക്കുന്നതിന് കോൺക്രീറ്റ് തൂണുകൾ സ്ഥാപിക്കുന്നതിന് "5051-02-200-74-കോഴിക്കോട് & ബേപ്പൂർ തുറമുഖ വികസനം" എന്ന ശീർഷകത്തിൽ പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി ശീർഷകത്തിന്റെ അഭാവത്തിൽ കോഴിക്കോട് ബീച്ചിലെ കാർ പാർക്കിംഗ് ഏരിയ സംരക്ഷിക്കുന്നതിന് തൂണുകൾ നിർമ്മിക്കുന്ന പ്രവൃത്തിക്ക് 22,000/- രൂപയുടെ പുതുക്കിയ ഭരണാനുമതിയും ഫണ്ടും '5051-02-200 -86- നോൺ മേജർ തുറമുഖങ്ങളുടെ വികസനം" എന്ന ശീർഷകത്തിൽ കോഴിക്കോട് പോർട്ട് ഓഫീസറിന് അനുവദിച്ചു നൽകണമെന്ന് കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കോഴിക്കോട് ബീച്ചിലെ കാർ പാർക്കിംഗ് ഏരിയ സംരക്ഷിക്കുന്നതിന് തൂണുകൾ നിർമ്മിക്കുന്ന പ്രവർത്തിക്ക് 22,000/- രൂപയുടെ പുതുക്കിയ ഭരണാനുമതി '5051-02-200-86- നോൺ മേജർ തുറമുഖങ്ങളുടെ വികസനം" എന്ന ശീർഷകത്തിൽ കോഴിക്കോട് പോർട്ട് ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJI JOSEPH
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ

പ്രസിദ്ധീകരിയ്ക്കുന്നതിനായി

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Shajish P
Date: 01-08-2026
12:09:29

സെക്ഷൻ ഓഫീസർ